LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെ വിഭാഗത്തിൽ പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റിന്റെ തസ്തിക മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത്. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന 3 ഡോക്ടർമാരുടെ സേവനം അധികമായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഓപ്പറേഷൻ തീയേറ്ററിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന നടപടി നടന്നുകൊണ്ടിരിക്കുകയാണ്. വൈകാതെ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഓപ്പറേഷൻ തീയേറ്ററിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ തീയേറ്ററിനാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുവാൻ സാധിക്കും.

(ഡി) ഡെന്റൽ യൂണിറ്റിന്റെ പ്രാഥമിക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനാവശ്യമായ ഫണ്ട് അഭ്യർത്ഥിച്ചുകൊണ്ട് എൻ.ആർ.എച്ച്.എം.-ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

മുനമ്പം സർക്കാർ ആശുപത്രിയുടെ ഭാഗമായുള്ള ക്വാർട്ടേഴ്സുകൾ

46 (8106) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മുനമ്പം സർക്കാർ ആശുപത്രിയുടെ ഭാഗമായി ഡോക്ടർമാർക്കുവേണ്ടി നിർമ്മിച്ച ക്വാർട്ടേഴ്സുകൾ ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയാണെന്നും എത്ര തുകയാണ് നിർമ്മാണച്ചെലവെന്നും ഏത് വർഷത്തിലാണ് നിർമ്മാണം പൂർത്തിയാക്കിയതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ ക്വാർട്ടേഴ്സുകൾ പൂർണ്ണമായും താമസയോഗ്യമാണോ ; ഇല്ലെങ്കിൽ പോരായ്മകൾ വിശദീകരിക്കാമോ ;

(സി) ഈ കെട്ടിടങ്ങൾ ഇപ്പോൾ ആരോഗ്യവകുപ്പിന്റെ ഉടമസ്ഥത യിലാണോ ; അല്ലെങ്കിൽ വിശദീകരിക്കാമോ ;

(ഡി) ഈ കെട്ടിടങ്ങളിൽ വൈദ്യുതി, കുടിവെള്ളം, എന്നിവ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്നും ഇതുവരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്താണ് ക്വാർട്ടേഴ്സ് നിർമ്മാണം നടത്തിയത്. ആയതിനാൽ, ആരോഗ്യവകുപ്പിൽ ഫണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ല. 2005-ൽ ആണ് ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയായത്.

(ബി) അല്ല. വാട്ടർ വൈദ്യുതി കണക്ഷനുകൾ ഇല്ല. 2005-ൽ പൂർത്തീകരിച്ചതുകൊണ്ട് ഏതാണ്ട് 9 വർഷം പൂട്ടിയിട്ടതിന്റെ അറ്റകുറ്റപ്പണികൾ കാണുന്നുണ്ട്.

(സി) പണി ഭാഗികമായി (വാട്ടർ, വൈദ്യുതി കണക്ഷൻ ഇല്ലാത്തതുകൊണ്ട്) തീർന്നിട്ടുള്ള കെട്ടിടം ആരോഗ്യവകുപ്പിന് കൈമാറിയതായി രേഖകൾ ഒന്നും ഇല്ല. വാട്ടർ കണക്ഷൻ എടുക്കുന്നതിന് ബ്ലോക്കുവഴി ലഭിച്ച സർട്ടിഫിക്കറ്റിൽ നിലവിൽ പ്രസ്തുത ക്വാർട്ടേഴ്സ് കെട്ടിടം കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട പുറമ്പോക്ക് റീ-സർവ്വേ 127/8-ലാണ് സ്ഥിതി ചെയ്യുന്നത് എന്നാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ കുഴുപ്പിള്ളി വില്ലേജാഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആശുപത്രികളിൽ വികസന സമിതിയുടെ തീരുമാനമനുസരിച്ച് വാട്ടർ, വൈദ്യുതി കണക്ഷനുകൾ എടുക്കുന്നതിനുള്ള ചെലവ് ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നും കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വികസന സമിതിയുടെ ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്.

താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

47 (8107) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജനസാന്ദ്രത കൂടിയ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ഏക ആതുരാലയമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒരു സി.എച്ച്.സി.-ക്ക് നിലവിലുള്ള ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ ;

(സി) താനൂർ സി.എച്ച്.സി.-യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;